**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2601** **24-06-2024 - ൽ മറുപടിയ്ക്ക്**

**തോട്ടണ്ടി സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തോട്ടണ്ടി സംഭരണം ശക്തിപ്പെടുത്തി കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപക്സിന്റെയും ഫാക്ടറികളിലെ തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; തോട്ടണ്ടി സംഭരണത്തിനായി ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് നിലവിൽ **കശുവണ്ടി വികസന കോർപ്പറേഷന്റേയും** കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കൂടാതെ എല്ലാ വർഷവും കശുവണ്ടി സീസണിൽ സർക്കാർ ഫാമുകളിൽ നിന്നും കർഷകരിൽ നിന്നും സഹകരണ സംഘങ്ങൾ മുഖേന നാടൻ തോട്ടണ്ടിയും സംഭരിക്കുന്നു. നടപ്പ സാമ്പത്തിക വർഷം ഇതുവരെ കാഷ്യൂ കോർപ്പറേഷൻ 45 ഉം കാപ്പക്സ് 47 ഉം തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ വരുത്താനായി 10000 മെട്രിക് ടൺ തോട്ടണ്ടി ഘാനയിൽ നിന്നും ഐവറികോസ്റ്റിൽ നിന്നും ഇറക്കുമതി ചെയ്യാൻ കാഷ്യൂ ബോർഡ് ധാരണയിൽ എത്തിയിട്ടുള്ളതും നാളിതുവരെ 8192.490 മെട്രിക് ടൺ തോട്ടണ്ടി എത്തിയിട്ടുള്ളതുമാണ്. ഇത് കൂടാതെ ഈ സാമ്പത്തിക വർഷം ഗിനി--ബിസ്സാവുവിൽ നിന്നും 5000 മെട്രിക് ടൺ തോട്ടണ്ടിയും സെനഗലിൽ നിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്യാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി 40.81 കോടി രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ